" ഭരണഭാഷ - മാതൃഭാഷ"

നമ്പർ ഇ1/252/2017/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 11.04.2017

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം - സ്വകാര്യ എയ്ഡഡ് കോളേജുകൾ - സൂപ്പർ ന്യൂമററി തസ്തിക - സ്ഥലം മാറ്റം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 1. 13-04-2017-ലെ കോളേജ് വിദ്യാഭ്യാസ വകുപ്പ് തിരുവനന്തപുരം ഡെപ്യൂട്ടി ഡയറക്ടറുടെ സർക്കുലർ നം. ഇ2/10844/06/കോ.വി.വ
2. 28-03-2017-ലെ സർക്കാർ കത്തു നം.ഡി3/107/2017/ഉ.വി.വ
3. 29-02-2016-ലെ 60/16/ഉ.വി.വ സർക്കാർ ഉത്തരവ്.

29-02-2016-ലെ 60/16/ഉ.വി.വ സർക്കാർ ഉത്തരവു പ്രകാരം കേരളത്തിലെ എയ്ഡഡ് കോളേജുകളുടെ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കുമ്പോൾ സൂപ്പർ ന്യൂമററിയായി നിലനിറുത്തുന്ന തസ്തികകളിലേക്ക് ഒരു ഒഫിഷ്യേറ്റിംഗ് അറേഞ്ചുമെന്റും നടത്താൻ പാടില്ലായെന്നും സൂപ്പർ ന്യൂമററി തസ്തിക ഏതു ഉദ്യോഗസ്ഥനുവേണ്ടിയാണോ സൃഷ്ടിച്ചിരിക്കുന്നത് അത് അയാൾക്ക് 'പേഴ്സണൽ' ആയിരിക്കണമെന്നും അയാൾ ആ തസ്തിക വിട്ടൊഴിയുന്ന അവസരത്തിൽ അത് ഇല്ലാതാവുന്നതാണെന്നും സൂചന (1) സർക്കുലറിന്റെ അടിസ്ഥാനത്തിൽ സർക്കാർ സൂചന (2) പ്രകാരം അറിയിച്ചിരിക്കുന്നു. അതിനാൽ ഒരേ മാനേജുമെന്റിനു കീഴിൽ സൂപ്പർ ന്യൂമററിയായി പ്രഖ്യാപിച്ചിട്ടുള്ള തസ്തികകൾ ഒരേ യൂണിറ്റായി കണക്കാക്കാനോ ആ തസ്തികകളിലേക്ക് സ്ഥലം മാറ്റം/പ്രൊമോഷൻ നടത്താൻ പാടില്ലായെന്ന് സർക്കാർ നിർദ്ദേശിച്ച വിവരം ബന്ധപ്പെട്ട എല്ലാവരെയും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ഒപ്പ്/-
ഡോ.പി.അനിതാ ദമയന്തി
ഡെപ്യൂട്ടി ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ്:- 1. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (താങ്കളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ എയ്ഡഡ് കോളേജ് അധികൃതരെയും അറിയിക്കുന്നതിന്)
2. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ (കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. ഇ & എഫ് സെക്ഷൻ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വിതരണം 12.04.2017

GOVERNMENT OF KERALA